


ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്

بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلى عبده المسيح الموعود

**ജുമുഅ ഖുത്ബ 2011 ആഗസ്ത് 19**

**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**(ഖുത്ബ നമ്പർ 33)**

വിവർത്തനം എം. നാസിർ അഹ്മദ് കൊടിയത്തൂർ



Baitul Futuh, London

# ആരാധന നിനക്ക്, സഹായാർഥനയും നിന്നോട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: സ്വീകാര്യ യോഗ്യമായ യഥാർഥ പ്രാർത്ഥനക്ക് ദുആയാണ് ആവശ്യം. മറ്റൊരു സ്ഥലത്ത് പറയുന്നു: സ്വലാത്തും നമസ്ക്കാരവും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഹദീസിൽ വന്നിട്ടുണ്ട്. സ്വലാത്താണ് യഥാർഥത്തിൽ ദുആ. നമസ്ക്കാരം ഇബാദത്തിന്റെ രത്നച്ചുരുക്കമാണ്.

വീണ്ടും പറയുന്നു. ഓർക്കുക. നമസ്ക്കാരം കൊണ്ട് ദുൻയാവും ശരിയായിത്തീരുന്നതാണ്, ദീനും ശരിയായിത്തീരുന്നതാണ്. പറയുന്നു. നമസ്ക്കാരം അനുഷ്ഠിക്കുന്നത് കൊണ്ട് മനുഷ്യൻ നാനാതരം ദുഷ്പ്രവർത്തികളിൽ നിന്നും നിർലജ്ജ പ്രവർത്തനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുന്നു.

പറയുന്നു.ഇങ്ങിനെയുള്ള നമസ്ക്കാരം അനുഷ്ഠിക്കുക എന്നതും മനുഷ്യന്റെ നിയന്ത്രണത്തിൽ പെട്ടതല്ല. അല്ലാഹു നമസ്ക്കരിക്കാൻ പറഞ്ഞിട്ടുണ്ടെങ്കിലും സ്വീകരിക്കപ്പെടുന്ന നമസ്ക്കാരം സ്വന്തം ഇഷ്ടപ്രകാരം കരസ്ഥമാകില്ല. അത് അല്ലാഹുവിന്റെ സഹായവും അവനോട് സഹായം തേടിയും കൊണ്ടല്ലാതെ സാധ്യമല്ല. തിന്മയിൽ നിന്നും നീചകൃത്യങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്ന നമസ്ക്കാരം, നേരായ പന്ഥാവിൽ നമ്മെ നയിക്കുന്ന ആരാധന, അല്ലാഹുവിന്റെ സഹായമില്ലാതെ നമുക്ക് നമ്മുടെ ഇംഗിതപ്രകാരം ചെയ്യാൻ സാധ്യമല്ല. നമ്മുടെ ഇബാദത്തുകളും ദുആകളും എങ്ങനെയായിരിക്കണമെന്നതിലേക്കാണ് ഇവയെല്ലാം വെളിച്ചം വീശുന്നത്. ദുആ ചെയ്യുന്നതിന്നായി ഏതെല്ലാം മാർഗങ്ങളാണ് നാം അവലംഭിക്കേണ്ടത് എന്നും, ഈ ഇബാദത്തുകളും ദുആകളും നമ്മിൽ എന്ത് സ്വാധീനമാണ് ഉണ്ടാക്കേണ്ടത് എന്നും ഈ ഇബാദത്തുകളും, ദുആകളും നമസ്ക്കാരങ്ങളും ഏതുരീതിയിലാണ് അല്ലാഹുവിന്റെ സവിധത്തിൽ സ്വീകരിക്കപ്പെടുക എന്നും നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞാൽ, ഇബാദത്താണ് മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യമെന്ന് മനുഷ്യൻ തിരിച്ചറിഞ്ഞാൽ, ഈ ലക്ഷ്യം കരസ്ഥമാക്കിയാൽ മാത്രമേ തന്റെ ഇരുലോകവും ശരിയാത്തീരുകയുള്ളൂ എന്നും അറിഞ്ഞാൽ മറ്റെല്ലാം ഉപേക്ഷിച്ചുകൊണ്ട് ഈ മുഖ്യലക്ഷ്യം കരസ്ഥമാക്കാൻ അവൻ ശ്രമിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ദുആക്ക് വേണ്ടിയും ദുആയാണാവശ്യം. ജീവിതലക്ഷ്യം അല്ലാഹുവിന്റെ സഹായവും അവനോട് സഹായം തേടിയും കൊണ്ടല്ലാതെ കരസ്ഥമാകുന്നതല്ല. അല്ലാഹുതആല തന്റെ ദാസരോട് അതിരറ്റ ദയ കാണിക്കുന്നവനാണ്. അവൻ വിശുദ്ധഖുർആന്റെ പ്രാരംഭ അധ്യായത്തിൽ തന്നെ അതിനുള്ള പ്രാർഥന പഠിപ്പിച്ചു തന്നിട്ടുണ്ട്. അഞ്ച് ഫർള് നമസ്ക്കാരങ്ങൾക്ക് പുറമേ സുന്നത്തുകളിലും നഫലുകളിലും ഓരോ റകഅത്തിലും ഈ ദുആ ചൊല്ലണമെന്ന് നിർബന്ധമാക്കുകയും ചെയ്തു. اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ അല്ലാഹുവേ ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു; നിന്നെ ആരാധിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ നിന്റെ സഹായമില്ലാതെ അത് അതർഹിക്കുന്ന രീതിയിൽ ഞങ്ങൾക്ക് ചെയ്യാൻ സാധ്യമല്ല. അതുകൊണ്ട് ഹൃദയാന്തരാളങ്ങളിൽ നിന്നും ഉയർന്നുവരുന്ന വിളിയോടുകൂടി ഒരു വിശ്വാസി അല്ലാഹുവിനെ ഓർക്കുമ്പോൾ അല്ലാഹു അവർക്ക് ഇബാദത്തിനുള്ള തൗഫീഖ് നൽകുന്നതാണ്.

ഓരോ വർഷവും തന്നെ അല്ലാഹു റമദാൻ കൊണ്ട് വന്ന് അവന്റെ സാമിപ്യത്തിനുള്ള വഴിയൊരുക്കുന്നു എന്നത് അവൻ ജനങ്ങളോട് ചെയ്യുന്ന വലിയ ഔദാര്യമാണ്. അവൻ ഇപ്രകാരം പ്രഖ്യാപിക്കുന്നു. ഞാനിതാ ശൈത്വാനെ ബന്ധനസ്ഥനാക്കിയിട്ടുണ്ട്. എന്നിലേക്ക് നിഷ്ക്കളങ്കമായി വരുന്ന ഓരോ ദാസന്റെയും വിളി ഞാൻ കേൾക്കുന്നു. അവനെ ഞാൻ സഹായിക്കുന്നു. അവൻ എന്നിൽ പൂർണ്ണമായും വിശ്വസിക്കുന്നു. എന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കുന്നു. ഇനിയും അവർ പൂർണ്ണമായി എന്നെത്തന്നെ ഇബാദത്ത് ചെയ്യുമെന്നും എന്റെ യഥാർഥ ദാസരായിത്തീരുമെന്ന് വാക്ക് തരുന്നു. അതിനാൽ അങ്ങനെയുള്ള ദാസരുടെ ദുആകൾ ഞാൻ സ്വീകരിക്കുന്നു. അതുകൊണ്ട് എവിടെയെങ്കിലും വല്ല കുറവുമുണ്ടെങ്കിൽ അത് ദാസരുടെ ഭാഗത്തുനിന്നാണുള്ളത്. അല്ലാഹുവിന്റെ ഔദാര്യങ്ങളിലും സഹായം നൽകുന്നതിലും ഒരു കമ്മിയുമില്ല. ഇക്കാലത്ത് അല്ലാഹു തന്റെ വരിഷ്ഠ ദാസനെ നമ്മുടെ സംസ്ക്കരണത്തിനായി അയച്ചിട്ടുണ്ട്. അദ്ദേഹം പരിപൂർണ്ണ ദാസൻ (സ) യുടെ ശിഷ്യനായിക്കൊണ്ടാണ് വന്നിരിക്കുന്നത്. അദ്ദേഹം വീണ്ടും നമുക്ക് അല്ലാഹുവുമായി അടുക്കാനും അവന്റെ യഥാർഥ ദാസരായിത്തീരാനും അവന്റെ ഇബാദത്തിൽ മുഴുകാനും അവന്റെ സഹായം ലഭിക്കുന്നവരായിത്തീരാനുമുള്ള മാർഗങ്ങൾ പഠിപ്പിച്ചുതരികയുണ്ടായി. അതുകൊണ്ട് ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉപദേശനിർദേശങ്ങളുടെ വെളിച്ചത്തിൽ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ എന്നതിനെ വിശദീകരിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ എന്നതിലെ രഹസ്യജ്ഞാനം ഏതൊരു സൂക്ഷ്മതയോടും ഗഹനതയോടും ഗൗരവത്തോടും കൂടി മനസ്സിലാക്കിത്തന്നിട്ടുണ്ടോ അതു നാം ഗ്രഹിച്ച് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ ശ്രമിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ഉബൂദിയ്യത്ത് നിറവേറ്റാൻ പരിശ്രമിക്കുന്നവരായി നാം മാറുന്നതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകട്ടെ.

ഇത് സാധ്യമാകുന്നത് നാം നമ്മുടെ ഇബാദത്തിന്റെ ഉന്നതസ്ഥാനം കരസ്ഥമാക്കാൻ പ്രയത്നിക്കുമ്പോഴാണ്. ഈ സ്ഥാനങ്ങൾ കരസ്ഥമാക്കിക്കൊണ്ട് വിനയത്തോടെ അല്ലാഹുവിനോട് ഇതിനായി സഹായം തേടിക്കൊണ്ടിരിക്കുകയും ചെയ്യുക. അപ്പോഴായിരിക്കും അബ്ദെ

റഹ്മാനായി നാം മാറുക. അല്ലാഹു കൽപിച്ച തരത്തിൽ വിശ്വാസത്തിൽ സുദൃഢത കൈവരിക്കാൻ നമുക്ക് സാധിക്കുന്നതാണ്. ഇതാണ് ഒരു വിശ്വാസിയിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് ലഭിച്ച ആത്മജ്ഞാനം ആ മഹാത്മാവ് നമുക്ക് വിവരിച്ചുതരികയുണ്ടായി. അത് അദ്ദേഹം തന്റെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നും ചിലത് ഞാൻ കേൾപ്പിക്കാം. പറയുന്നു. إِيَّاكَ نَعْبُدُ എന്ന വചനത്തെ إِيَّاكَ نَسْتَعِينُ എന്ന വചനത്തിനു മുമ്പെയാണ് അല്ലാഹു വെച്ചിരിക്കുന്നത്. ദാസൻ സഹായം തേടുന്നതിനു മുമ്പേ അനുഗ്രഹദാതാവായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ചുള്ള സൂചനയാണ് നൽകുന്നത്. അതായത് ദാസൻ തന്റെ നാഥന് കൃതജ്ഞത രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നിട്ടവൻ ഇപ്രകാരം പറയുന്നു. എന്റെ രക്ഷാപരിപാലകനായ നാഥാ! ഞാൻ നിന്റെ ആ എല്ലാ അനുഗ്രഹത്തിനും നന്ദി രേഖപ്പെടുത്തുകയാണ്; അവ നീ എന്റെ ദുആക്കും എന്റെ അപേക്ഷക്കും എന്റെ പ്രവർത്തനത്തിനും എന്റെ പ്രയത്നത്തിനും അതേപോലെ ചോദിക്കുന്നവരുടെ യാചനക്കും മുമ്പേ നിന്റെ റൂബൂബിയ്യത്തും റഹ്മാനിയ്യത്തും മുഖേന നീ നൽകുന്നതുമാണ്. അവ ഞാൻ ചോദിക്കുന്നതിനുമുമ്പേ നീ എനിക്ക് കനിഞ്ഞരുളിയതാണ്. അതേപോലെ നാനാതരം ശക്തിയും സത്യസന്ധതയും സൗഖ്യവും വിജയവും ദുആ ചെയ്താലും സഹായർഥന നടത്തിയാലും മാത്രം നൽകപ്പെടുന്ന ലക്ഷ്യങ്ങൾ കരസ്ഥമാകുന്നതിനും നിന്നോട് ഞാൻ യാചിക്കുന്നു. നീയാണ് ഏറ്റവും നല്ല രീതിയിൽ ഔദാര്യം ചെയ്യുന്നവൻ.

അല്ലാഹു തന്റെ റഹ്മാനിയ്യത്ത് മുഖേന ചെയ്തിരിക്കുന്ന അവന്റെ ഔദാര്യങ്ങളെ ഓർത്ത് ദാസൻ കൃതജ്ഞതയുള്ളവനായിത്തീരുമ്പോൾ അത് അവന്റെ ഇബാദത്തിലേക്കും യഥാർഥ ദാസനായിത്തീരുന്നതിലേക്കുമുള്ള പ്രഥമ ചുവടുവെപ്പായിരിക്കും. ഈ സ്ഥാനത്തെക്കുറിച്ച് ഒരു ദാസൻ അറിവ് കരസ്ഥമാക്കുമ്പോൾ അവൻ ഇബാദത്തിൽ മുന്നോട്ട് ഗമിക്കാൻ പ്രയത്നിച്ചുകൊണ്ടിരിക്കും. പിന്നീട് ദാസൻ തന്റെ ദൈവത്തോട് ഇപ്രകാരം പറയുന്നതാണ്; നീ നിന്റെ ദാസനായിത്തീരാനുള്ള വിവിധ പദവികൾ നിർണ്ണയിച്ചിട്ടുള്ളതും കരസ്ഥമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്റെ എല്ലാ അനുഗ്രഹങ്ങളും നുകരാൻ ഞാൻ ഇച്ഛിക്കുന്നു. എന്റെ ആത്മീയവും ഭൗതികവുമായ വിജയത്തിനുള്ള സർവ്വ വസ്തുക്കളും ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇതെല്ലാം തന്നെ നിന്റെ സഹായമില്ലാതെ ലഭിക്കില്ല. അതുകൊണ്ട് എന്നെ നീ സഹായിക്കേണമേ. അതിനുശേഷം അല്ലാഹുവിന്റെ സഹായകവാടം തുറക്കപ്പെടുന്നതും ഉന്നതിയുടെ പടവുകൾ കയറിത്തുടങ്ങുകയും ചെയ്യുന്നതാണ്. പറയുന്നു. അല്ലാഹു തന്റെ റഹ്മാനിയത്ത് മൂലം നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾക്ക് കൃതജ്ഞതയുള്ളവരായിത്തീർന്നാൽ ഇബാദത്തിലേക്കും അല്ലാഹുവിന്റെ സഹായം നേടിയെടുക്കന്നതിലേക്കും ശ്രദ്ധയുണ്ടായിരിക്കും. ഈ അടിസ്ഥാന കാര്യം മുമ്പിൽ വെച്ചുകൊണ്ട് നാം إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന ദുആ ചൊല്ലേണ്ടതാണ്.

ഈ ദുആയിലേക്ക് ശ്രദ്ധ എന്തിനുവേണ്ടിയാണ് അല്ലാഹു ക്ഷണിച്ചത് എന്നതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു.ഈ ആയത്തിൽ
മനുഷ്യന് നൽകപ്പെടുന്ന അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്താനുള്ള പ്രേരണയാണ് നൽകുന്നത്. ഏതെല്ലാം വസ്തുക്കളെക്കുറിച്ച് നിനക്ക് ആഗ്രഹമുണ്ടോ അതിനായി ക്ഷമയോടുകൂടി ദുആ ചെയ്യുകയും അതേപോലെ പൂർണ്ണവും ഉന്നതവുമായ വസ്തുക്കളിലേക്ക് താൽപര്യം വർദ്ധിപ്പിക്കാനും കൂടി ഇവിടെ പ്രേരണ നൽകുന്നു. അങ്ങനെ നീയും സ്ഥായിയായി കൃതജ്ഞത രേഖപ്പെടുത്തുന്നവരിലും ക്ഷമ കൈകൊള്ളുന്നവരിലും ഉൾപ്പെടുന്നതാണ്. അതുകൂടാതെ ഈ ആയത്തിൽ ദാസന്ന് തനിക്ക് ധൈര്യവും ശക്തിയും ഉണ്ടെന്നതിനെ നിഷേധിക്കാനും പ്രേരണ നൽകുന്നു. എപ്പോഴും അല്ലാഹുവിൽ തന്നെ ആശ അർപ്പിച്ചുകൊണ്ട് അവനിൽ ശുഭപ്രതീക്ഷ വെച്ചുകൊണ്ട് അവനോട് ചോദിക്കാനും ദുആ ചെയ്യാനും, വിനയവും നന്ദിയും പ്രകടിപ്പിച്ചുകൊണ്ട് സ്വയം അല്ലാഹുവിന്റെ സവിധത്തിൽ തന്നെ സമർപ്പിക്കുന്നതിനും പ്രേരണ നൽകുന്നു. കൂടാതെ ഭയത്തോടും ഏറെ പ്രതീക്ഷയോടും സൂതി കർസിനിയുടെ മടിയിൽ കിടക്കുന്ന കൈകുഞ്ഞിനെപ്പോലെ തന്നെ അല്ലാഹുവിന്റെ ആശ്രിതനായി കരുതാനുള്ള പ്രേരണയും ഇതിൽ ഉൾക്കൊള്ളുന്നു. അതേപോലെ സർവ്വ സൃഷ്ടികളോടും ഭൂമിയിലുള്ള സകല വസ്തുക്കളോടും യാതൊരു ബന്ധവും ഇല്ലാത്ത മൃതതുല്ല്യമായ അവസ്ഥ കൈവരിക്കാനും ഇതിൽ പ്രേരണ നൽകുന്നു.

ഇവിടെ കൃതജ്ഞത രേഖപ്പെടുത്താനാണ് പ്രേരണ നൽകുന്നത്. ക്ഷമയും ദുആയും മുഖേന സ്ഥിരമായി ദുആ ചെയ്യുന്നവരും ക്ഷമ കൈകൊള്ളുന്നവരുമായി നിങ്ങൾ മാറുന്നതാണ്. അങ്ങനെയുള്ളവരെ അല്ലാഹു അനുഗ്രഹങ്ങൾ നൽകി കടാക്ഷിക്കുന്നു. മറ്റൊന്ന് ഇതിൽ പറഞ്ഞിരിക്കുന്നത് തനിക്ക് ശക്തിയും ധൈര്യവും ഇല്ലെന്ന് കരുതാൻ ഇതിൽ പ്രേരണ നൽകുന്നു എന്നാണ്. അതായത് താൻ ഒന്നുമല്ലെന്ന് കരുതുക. എല്ലാ കഴിവുകളുടെയും ഉടമസ്ഥനും നാഥനും അല്ലാഹുവാണെന്ന ചിന്ത മനുഷ്യന് ഉണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ട് അവന്റെ മുമ്പിൽ തങ്ങളെ സമർപ്പിക്കുക. ഭൗതികമായ എല്ലാ ബന്ധങ്ങളിൽ നിന്നും വിട്ടൊഴിഞ്ഞ് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിന് ശ്രമിക്കുക. ഈ അവസ്ഥ കരസ്ഥമാക്കിക്കഴിഞ്ഞാൽ തന്റെ കയ്യൂക്കിൽ ആശ്രയിക്കാതെ, തന്റെ ശക്തിയിൽ ആശ്രയിക്കാതെ, തന്നിൽ ആശ്രയിക്കാതെ, ഭൗതികമായ ശക്തികളിലും ബന്ധങ്ങളിലും ആശ്രയിക്കാതെ മുന്നോട്ട് പോകുമ്പോഴാണ് إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന ദുആ യഥാർഥ അർഥത്തിൽ മനുഷ്യനിൽ നിന്നും വരികയുള്ളൂ.

ആ മഹാത്മാവ് പറയുന്നു. ദുആ ചെയ്യുന്ന വ്യക്തിക്ക് തന്റെ ബലഹീനതയെക്കുറിച്ച് ശരിക്കും അറിവ് ഉണ്ടായാൽ മാത്രമേ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന ദുആ ശരിയായ അർഥത്തിൽ ചെയ്യാൻ കഴിയുകയുള്ളൂ. പറയുന്നു. മറ്റൊരു കാര്യം ഈ ആയത്തിൽ പറയുന്നത് ഞങ്ങൾ വളരെ ബലഹീനരാണെന്ന കാര്യം ഏറ്റു പറയുകയും അത് അംഗീകരിക്കുകയും ചെയ്യാനും വേണ്ടിയാണ്. നീ കഴിവ് നൽകിയില്ലെങ്കിൽ നിന്നെ ആരാധിക്കാൻ ഞങ്ങൾക്ക് കഴിയില്ല. നീ സഹായം നൽകാതെ നിന്റെ പ്രീതിയുടെ മാർഗം അന്വേഷിക്കാനും ഞങ്ങൾക്ക് കരുത്തില്ല. നിന്റെ സഹായം മൂലമാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. നിന്റെ സഹായം കൊണ്ടാണ് ഞങ്ങൾ ചലിക്കുന്നത് തന്നെ. തന്റെ മക്കളുടെ മരണം കാരണം ദുഃഖത്തിൽ വെന്തെരിയുന്ന മാതാക്കളെപ്പോലെ, പ്രേമത്തിൽ കത്തി എരിയുന്ന പ്രേമികളെപ്പോലെ ഒരു വികാരത്തോടെ ഞങ്ങൾ നിന്നിലേക്ക് ഓടിവരികയാണ്.

ഇതിൽ ആദ്യമായി പറഞ്ഞത് അല്ലാഹുവിനെ കരസ്ഥമാക്കാനായി ഒരു ആവേശവും ഉള്ളുരുക്കവും നിങ്ങളുടെ അന്തരംഗത്ത് ഉണ്ടായിരിക്കണം എന്നാണ്. അതിന് ഉദാഹരണമായി പറഞ്ഞത് തന്റെ കുട്ടിയുടെ മരണത്തിന്റെ ദുഃഖഭാരത്താൽ വെന്തെരിയുന്ന മാതാപിതാ

ക്കളെപ്പോലെയും തന്റെ പ്രേമിയുടെ പ്രേമത്തിൽ ഉരുകിക്കൊണ്ടിരിക്കുന്ന പ്രേമിയെപ്പോലെയുമാണ്.

പറയുന്നു. ഈ ആയത്തുകളിൽ അഹങ്കാരവും പൊങ്ങച്ചവും ഉപേക്ഷിക്കുവാനും പ്രശ്നങ്ങൾ സങ്കീർണ്ണമായിത്തീരുമ്പോൾ, പ്രയാസം നാലുപാടുനിന്നും വലയം ചെയ്യുമ്പോൾ അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന ശക്തിയിലും കഴിവിലും മാത്രം ആശ്രയിക്കുവാനും വിനയാന്വിതരായ ദാസരിൽ ഉൾപ്പെടുന്നതിനും പ്രേരണ നൽകുന്നു. അല്ലാഹു ഇപ്രകാരം പറയുന്നതുപോലെ. അതായത് എന്റെ ദാസരെ! നിങ്ങൾ നിങ്ങളെ മൃതരെപ്പോലെ കണക്കാക്കുക. എല്ലായിപ്പോഴും അല്ലാഹുവിൽ നിന്ന് ശക്തി കരസ്ഥമാക്കുകയും ചെയ്യുക. അതിനാൽ നിങ്ങളിൽ ഒരു യുവാവും തന്റെ ശക്തിയിൽ അഹങ്കരിക്കാതിരിക്കട്ടെ. ഒരു വൃദ്ധനും തന്നെ തന്റെ ഊന്നുവടിയിൽ ആശ്രയം കണ്ടെത്താതിരിക്കട്ടെ. ഒരു ബുദ്ധിമാനും തന്റെ ബുദ്ധിയിൽ ഊറ്റം നടിക്കാതിരിക്കുകയും ചെയ്യട്ടെ. അതേപോലെ ഒരു ജ്ഞാനിയും തന്റെ അറിവിന്റെ ശക്തിയിലോ തന്റെ ബുദ്ധിയിലോ സാമർത്ഥ്യത്തി ലോ ആശ്രയിക്കുകയും ചെയ്യാതിരിക്കട്ടെ. ഒരു മുൽഹിമും (ഇൽഹാം ലഭിക്കുന്ന വ്യക്തി) തന്റെ ഇൽഹാമിലോ കശ്ഫിലോ തന്റെ ദുആയിലുള്ള ആത്മാർഥതയിലോ ആശ്രയിക്കാതിരിക്കട്ടെ. കാരണം അല്ലാ ഹു എന്തൊന്നാണോ ഇച്ഛിക്കുന്നത് അതവൻ ചെയ്യുന്നു. ആരെ അവൻ ഉദ്ദേശിക്കുന്നുവോ തള്ളിക്കളയുന്നു. ആരെയാണോ അവൻ ഇച്ഛിക്കുന്നത് തന്റെ പ്രത്യേക ദാസരിൽ അവൻ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

പറയുന്നു. إِيَّاكَ نَسْتَعِينُ എന്നതിൽ ദോഷപ്രവണമായ ആത്മാവിന്റെ ക്രൂരമായ ദോഷപ്രവർത്തനങ്ങളിലേക്ക് വെളിച്ചം വീശുന്നു. പരിശീലനം നൽകാത്ത ഒട്ടകം തന്റെ പുറത്ത് ആരെയും ഇരുത്താൻ അനുവദിക്കാതെ കുതിച്ചോടുന്നതുപോലെ അത് നന്മയിലേക്ക് മനുഷ്യനെ കൊണ്ടുപോകുന്നതിന് പകരം അതിൽ നിന്നും കുതിച്ചു പായുന്നു. ഈ നഫ്സ് വലിയ തലയുള്ള മൂർഖനെപ്പോലെയാണ്; ആ മൂർഖൻ എന്തിനെയെല്ലാം കടിച്ചിട്ടുണ്ടോ അതിനെയെല്ലാം ജീർണ്ണിച്ച എല്ലുകഷണങ്ങളെപ്പോലെ ആക്കി മാറ്റുകയുണ്ടായി. അത് വിഷം ചീറ്റുന്നത് നീ കാണുന്നുണ്ട്. അതല്ലെങ്കിൽ ആ നഫ്സ് അക്രമിച്ചാൽ പിൻമാറാത്ത സിംഹത്തെപ്പോലെയാണത്. ഈ ശൈത്താനുകളെ നശിപ്പിക്കാൻ അല്ലാഹുവിന്റെ സഹായം എന്നൊന്നല്ലാതെ മറ്റൊരു ശക്തിയോ കഴിവോ സമ്പത്തോ ഉപയോഗപ്രദമായ വസ്തുവോ ഇല്ല.(കറാമാത്തുസ്വാദിഖീൻ)

ഈ ദുആ ചെയ്യുമ്പോൾ മനുഷ്യൻ ചിന്തിക്കേണ്ടത് നഫ്സെ അമ്മാറാ എന്നെ തിന്മയിലേക്ക് കൊണ്ട് പോകുകയാണ് എന്നും അതിൽ നിന്ന് എനിക്ക് രക്ഷപ്പെടേണമെന്നുമാണ്. അതിൽ നിന്ന് സ്വന്തം കഴിവുകൊണ്ടോ ശക്തികൊണ്ടോ രക്ഷപ്പെടാൻ സാധ്യമല്ല. അപ്പോൾ ശൈത്താന്റെ ഉപദ്രവത്തിൽ നിന്നും രക്ഷിക്കുന്നവൻ അല്ലാഹു ഏകൻ മാത്രമായിരിക്കും ഉണ്ടാകുക. അവനാണ് നന്മ ചെയ്യാനുള്ള തൗഫീഖ് നൽകുക. ദാസൻ വിനീതനായി അല്ലാഹുവിന്റെ മുമ്പിൽ നിന്ന് കൊണ്ട് ഇപ്രകാരം ദുആ ചെയ്യുക. അല്ലാഹുവേ ശൈത്താനിൽ നിന്ന് എന്നെ രക്ഷപ്പെടുത്തുന്നവൻ നീയല്ലാതെ മറ്റാരുമില്ല.അല്ലാഹുവിന്റെ പ്രിയദാസർ പോലും ഈ വിനയത്തോടുകൂടി അല്ലാഹുവിനോട് ഇങ്ങനെ അർത്ഥിക്കുമ്പോൾ അവർക്കും അല്ലാഹുവിന്റെ സഹായമില്ലാതെ നിലനിൽക്കാൻ കഴിയാതിരിക്കെ, ഒരു സാധാരണക്കാരന് പിന്നെ എങ്ങനെ നിലനിൽക്കാൻ സാധിക്കും. അവൻ എന്തുമാത്രം സഹായം അല്ലാഹുവിനോട് തേടണം.

വിശുദ്ധ ഖുർആനിൽ ഹദ്റത്ത് യൂസുഫ് (അ) ന്റെ ഉദാഹരണം അല്ലാഹു എടുത്ത് പറഞ്ഞിട്ടുണ്ട്. അദ്ദേഹം നഫ്സെ അമ്മാറയിൽ നിന്നും രക്ഷപ്പെടാൻ ദുആ ചെയ്തിരുന്നു.

وَمَآ أُبَرِّئُ نَفْسِيٓ ۚ إِنَّ ٱلنَّفْسَ لَأَمَّارَةٌۢ بِٱلسُّوٓءِ
إِلَّا مَا رَحِمَ رَبِّيٓ ۚ إِنَّ رَبِّي غَفُورٌ رَّحِيمٌ ۝٥٤

ഞാൻ എന്റെ നഫ്സിന്റെ തെറ്റുകളിൽ നിന്നും മുക്തമാകുന്നില്ല. മനുഷ്യമനസ്സ്, അല്ലാഹു കരുണ ചെയ്തവരൊഴികെ, തിന്മയെ പ്രേരിപ്പിക്കുന്നതാണ്. എന്റെ നാഥൻ വളരെയധികം പൊറുത്തുകൊടുക്കുന്നവനും വീണ്ടും വീണ്ടും കരുണ ചൊരിയുന്നവനുമാണ്.ഈ ദുആയും വിചാരവുമാണ് പിന്നീട് إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന ദുആ മുഖേന ഫലപ്രദമായിത്തീരുന്നത്. അല്ലാഹുവിന്റെ സമീപസ്ഥർ പോലും ഈ ദുആ ഇരക്കുന്നവരാണെന്ന് മനുഷ്യർ ചിന്തിച്ചാൽ നമുക്ക് എന്തുമാത്രം ദുആ ചെയ്യണം എന്ന് അവന് ബോധ്യമാകുന്നതാണ്. അപ്പോഴാണ് ഒരു മനുഷ്യൻ യഥാർഥ അബ്ദായിത്തീരുന്നത്.

പറയുന്നു. نَعْبُدُ എന്നതിനെ نَسْتَعِينُ എന്നതിനുമുമ്പിൽ കൊണ്ടുവന്നതിൽ മറ്റു പല തത്ത്വങ്ങളും അടങ്ങിയിട്ടുണ്ട്. അത് നാം ഇവിടെ വിവരിക്കുകയാണ്. ഇത് നാം വിവരിക്കുന്നത് വാദ്യമേളങ്ങളുടെ താളത്തിൽ മുഴുകിയവർക്കല്ല. മറിച്ച് വിശുദ്ധ ഖുർആന്റെ ഈ അധ്യായത്തെക്കുറിച്ച് ചിന്തിക്കുന്നവർക്കായാണ്. അവർ ആവേശഭരിതരെപോലെ ഇതിലേക്ക് ഓടി അടുക്കുന്നു. ആ കാര്യങ്ങൾ ഇവയാണ്. ദാസർക്ക് സൗഭാഗ്യസിദ്ധി നൽകുന്ന ഒരു ദുആ അല്ലാഹു തന്റെ ദാസരെ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു. എന്റെ ദാസരെ, നിങ്ങൾ വിന യത്തോടും ദാസത്വത്തോടും കൂടി എന്നോട് ചോദിക്കുക, എന്നിട്ട് ഇപ്രകാരം പറയുക. ഞങ്ങളുടെ നാഥാ إِيَّاكَ نَعْبُدُ ഞങ്ങൾ നിന്നെതന്നെ ആരാധിക്കുന്നു. വലിയ കഷ്ടതകൾ സഹിച്ച്, കഠിനാധ്വാനത്തോടെ, ലജ്ജിച്ചു തലതാഴ്ത്തിക്കൊണ്ട്, ചിതറിത്തെറിച്ച ചിന്തകളാൽ, പിശാചിന്റെ ദുർബോധനകളുടെ ബുദ്ധിമുട്ടിലൂടെ, വികല ചിന്തകളാലും നശിച്ച ഊഹങ്ങളാലും അന്ധകാരപൂർണ്ണമായ വിചാരങ്ങളാലും ഞങ്ങൾ വെള്ളപ്പൊക്കത്തിലെ മലിന ജലം പോലെയും രാത്രിയിൽ വിറക് ഒരുമിച്ച് കൂട്ടുന്നവനെപ്പോലെയുമായിരിക്കുന്നു. വെറും ഊഹത്തെ മാത്രമാണ് ഞങ്ങൾ പിൻപറ്റുന്നത്. ഞങ്ങൾക്ക് യഥാർഥ യഖീൻ കരഗതമായിട്ടില്ല.

إِيَّاكَ نَعْبُدُ എന്ന് പറയുന്നുണ്ടെങ്കിലും യഖീൻ ഇതുവരെ കരസ്ഥമായിട്ടില്ല. ചിതറിയ ചിന്തകളാണുള്ളത്. അല്ലാഹു നമ്മുടെ അവസ്ഥ കണ്ടാണ് ഇങ്ങനെയുള്ള ദുആ പഠിപ്പിച്ചിട്ടുള്ളത്. ഇതിൽ ഉബൂദിയ്യത്തിന്റെ കടമ നിറവേറ്റിക്കൊണ്ട് ഇബാദത്തിലേക്ക് നമ്മെ പ്രേരിപ്പിക്കുന്നു. അതോടൊപ്പം അത് ദുആ സ്വീകരിക്കുമെന്ന വാഗ്ദാനവും കൂടെ നൽകുന്നു. കാരണം إِيَّاكَ نَعْبُدُ എന്നതിനുശേഷം إِيَّاكَ نَسْتَعِينُ എന്നാണ് പറഞ്ഞിട്ടുള്ളത്. ലജ്ജയുടെ അവസ്ഥ കൈവരിക്കുകയും മനുഷ്യൻ തന്നെക്കുറിച്ച് ഒന്നുമല്ലായെന്ന് മനസ്സിലാക്കുകയും ചെയ്താൽ إِيَّاكَ نَسْتَعِينُ എന്ന ദുആ ചെയ്യുന്നു. അപ്പോൾ അല്ലാഹു സഹായത്തിനായി വരുന്നു. തുടർന്ന് പറയുന്നു.

അല്ലാഹു പറയുകയാണ്.നിങ്ങൾ إِيَّاكَ نَسْتَعِينُ എന്ന് പറയുക. അതായത് ഞങ്ങൾ നിന്നോട് തന്നെ സഹായം തേടുന്നു; അഭിരുചിയും,കൊതിയും, ഹൃദയസാന്നിധ്യവും പൂർണ്ണമായ ഈമാനും ലഭിക്കുന്നതിനുവേണ്ടി, ആത്മീയമായി നിന്റെ കൽപനകൾക്ക് ലബ്ബൈക്ക്

പറയുന്നതിനുവേണ്ടി, സന്തോഷത്തിനും പ്രകാശത്തിനും വേണ്ടി. ആത്മജ്ഞാനങ്ങളുടെ ആഭരണവും സന്തോഷത്തിന്റെ വസ്ത്രങ്ങളും അണിഞ്ഞുകൊണ്ട് ഹൃദയത്തെ അലങ്കരിക്കുന്നതിനും വേണ്ടി. അങ്ങനെ നിന്റെ ഫള്‌ലോടുകൂടി യഖീനിന്റെ മൈതാനത്ത് മുൻകടക്കുന്നവരായി ഞങ്ങൾ മാറുന്നതാണ്. ഞങ്ങളുടെ ലക്ഷ്യങ്ങളുടെ അവസാന അറ്റംവരെ എത്തുന്നതിനും ആത്മീയ യാഥാർഥ്യങ്ങളുടെ നദിയിൽ പ്രവേശിക്കുന്നതിനും വേണ്ടി.

ചുരുക്കത്തിൽ ഈ ദുആ ആത്മീയതയിൽ ഉയർച്ച കൈവരിക്കാനും ഇബാദത്തിൽ ത്ൽപര്യം വർദ്ധിപ്പിക്കാനും നിഷ്കപടമായ രീതിയിൽ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടാനും വിശ്വാസത്തിൽ വർദ്ധനവുണ്ടാക്കാനും കാരണമായിത്തീരുന്നു.

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്നതിലെ ഉബൂദിയ്യത്തിന്റെ മിഅ്റാജ് എന്താണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. إِيَّاكَ نَعْبُدُ എന്ന അല്ലാഹുവിന്റെ വചനത്തിൽ മറ്റൊരു സൂചനയുള്ളത് ഇതാണ്. അല്ലാഹു ഈ ആയത്തിൽ തന്റെ ദാസരെ അല്ലാഹുവിനെ അനുസരിക്കുന്നതിൽ കഴിവിന്റെ പരമാവധി പരിശ്രമിക്കാൻ പ്രേരണ നൽകുകയാണ്. അനുസരണമുള്ളവരെപോലെ എപ്പോഴും ലബ്ബൈക്ക് ലബ്ബൈക്ക് എന്ന് പറഞ്ഞുകൊണ്ട് അവന്റെ സവിധത്തിൽ നിൽക്കുക. അതായത് ഈ ദാസർ ഇങ്ങനെ പറയുന്നത് പോലെ; ഞങ്ങളുടെ നാഥാ! കഠിന പ്രയത്നം ചെയ്യുന്നതിനും നിന്റെ കൽപനകൾ പാലിക്കുന്നതിനും നിന്റെ അഭീഷ്ടം കരസ്ഥമാക്കുന്നതിനും ഒരു കുറവും ഞങ്ങൾ വരുത്തുന്നില്ല. എന്നാൽ നിന്നോട് തന്നെ ഞങ്ങൾ അതിന് സഹായം തേടുന്നു. അഹങ്കാരത്തിലും പ്രകടനാത്മകതയിലും അകപ്പെട്ടുപോകുന്നതിൽ നിന്നും നിന്നോട് സഹായം തേടുന്നു. ഹിദായത്തിലേക്കും നിന്റെ അഭീഷ്ടം കരഗതമാകുന്ന മാർഗത്തിനായും നിന്നോട് തന്നെ തൗഫീഖും ഞങ്ങൾ തേടുന്നു. നിന്റെ അനുസരണത്തിലും നിന്നെ ആരാധിക്കുന്നതിലും ഞങ്ങൾ അടിയുറച്ചു നിൽക്കുന്നു. അതുകൊണ്ട് നിന്റെ അനുസരണമുള്ള ദാസരിൽ ഞങ്ങളുടെയും പേര് രേഖപ്പെടുത്തേണമേ.

ഇബാദത്തിൽ സ്ഥിരചിത്തത പ്രകടിപ്പിക്കണം എന്ന ചിന്തയും ദുആയും ഉണ്ടാകുമ്പോൾ കൽപനകൾ പാലിക്കാനും ഇബാദത്തിന്റെ നിലവാരം ഉയർത്താനും പരിശ്രമിക്കുന്നതാണ്. ഒരു നമസ്കാരത്തിന് ശേഷം അടുത്ത നമസ്കാരം പ്രതീക്ഷിച്ചുകൊണ്ടിരിക്കും. ഹദീസിൽ വന്നിട്ടുണ്ട്. ഒരു വിശ്വാസി ഒരു നമസ്ക്കാരത്തിനുശേഷം അടുത്ത നമസ്കാരം പ്രതീക്ഷിച്ചുകൊണ്ടിരിക്കും. ഒരു ജുമുഅക്ക് ശേഷം അടുത്ത ജുമുഅ പ്രതീക്ഷിച്ചുകൊണ്ടിരിക്കും. ഒരു റമദാനിനുശേഷം അടുത്ത റമദാൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കും. അങ്ങനെയുള്ള ഇബാദത്തിന്റെ തേട്ടം പൂർത്തിയാക്കാൻ അവൻ ശ്രമിക്കുന്നതാണ്. അതോടൊപ്പം ഉന്നത ധാർമ്മിക ഗുണങ്ങൾ പ്രകടമാക്കാനും പരിശ്രമിക്കുന്നതാണ്. ഇതാണ് ഉബൂദിയ്യത്തിന്റെ മിഅ്റാജ് കരസ്ഥമാക്കാനുള്ള പരിശ്രമം.

ഈ ദുആ തങ്ങളുടെ സന്താനങ്ങൾക്കും കുടുംബാംഗങ്ങൾക്കും ജമാഅത്തിനും കൂടി ഉള്ളതാണെന്ന് വ്യക്തിമാക്കികൊണ്ട് പറയുന്നു. കാരണം എല്ലാവരും ഒരേ ഭാഗത്തേക്ക് ചലിക്കുന്നവരും അല്ലാഹുവിലേക്ക് ആകർഷിക്കപ്പെടുന്നവരുമായിത്തീരാനും ഓരോരുത്തരും പരസ്പരം കടമകൾ പാലിക്കുന്നവരാകുന്നതിനും വേണ്ടി.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. ഇവിടെയുള്ള മറ്റൊരു സൂചന ഇതാണ്. ദാസൻ പറയുന്നു. എന്റെ നാഥാ ആരാധനയിൽ നിന്നെ മാത്രമാണ് ഞങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. നീയല്ലാതെ മറ്റൊന്നിനും ഞങ്ങൾ പരിഗണന നൽകിയിട്ടില്ല. അതുകൊണ്ട് നിന്റെ അസ്തിത്വത്തെയല്ലാതെ മറ്റൊന്നിനെയും ഞങ്ങൾ ആരാധിക്കുന്നില്ല. നിന്നെ ഏകനാണെന്ന് അംഗീകരിക്കുന്നതിൽ ഉൾപ്പെട്ടവരാണ് ഞങ്ങൾ. ഈ ആയത്തിൽ അല്ലാഹു ഉപയോഗിച്ചിരിക്കുന്ന പദം മറ്റുള്ളവരെയും ഉൾക്കൊള്ളുന്ന ഉത്തമ പുരുഷന്റെ പദമാണ്. ഇതുകൊണ്ട് അർഥമാക്കുന്നത്, ഈ ദുആയിൽ തന്റെ എല്ലാ സഹോദരന്മാരും ഉൾപ്പെടുന്നതാണ്. (ഇതിൽ ഞങ്ങൾ എന്ന് പറഞ്ഞ് ദുആ ചെയ്യുന്നവനോടൊപ്പം മറ്റുള്ളവരെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.) ദുആ ചെയ്യുന്ന വ്യക്തിയുടെ അസ്തിത്വവുമായി മാത്രം ബന്ധപ്പെട്ട കാര്യമല്ല ചോദിക്കുന്നത്. ഇതിൽ അല്ലാഹു തആല മുസ്‌ലീംകളോട് പരസ്പരം സൗഹൃദത്തിലും ഐക്യത്തിലും സൗഹാർദ്ദത്തിലും കഴിഞ്ഞു കൂടാനും പ്രേരിപ്പിക്കുന്നു. ഇതേപോലെ ദുആ ചെയ്യുന്ന വ്യക്തി നന്മക്കായി സ്വയം പ്രയാസത്തിൽ അകപ്പെടുത്തുന്നതുപോലെ തന്റെ സഹോദരന്റെ നന്മക്കായും കഠിന പ്രയത്നം ചെയ്യേണ്ടതാണ്.

( إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന് ഒരാൾ ദുആ ചെയ്യുമ്പോൾ മറ്റുള്ളവരുടെ കടമകൾ നിറവേറ്റുന്നതിലേക്ക് അവന് ശ്രദ്ധ ഉണ്ടായിത്തീരുന്നതാണ്. എനിക്ക് അല്ലാഹുവിന്റെ ദാസത്വം നിറവേറ്റണമെങ്കിൽ, എന്റെ ആവശ്യനിർവ്വഹണത്തിനായി ദുആ ചെയ്യുമ്പോൾ, എന്റെ ആത്മീയപുരോഗതിക്കായി പ്രാർത്ഥിക്കുമ്പോൾ എന്റെ സഹോദരനും ഇതേ രീതിയിൽ നന്മ ലഭിക്കണമെന്ന ചിന്ത ഉണ്ടായിരിക്കണം. ഈ ഒരു സദ്വിചാരം ഉണ്ടായിക്കഴിഞ്ഞാൽ മനോഹരമായ ഒരു സമൂഹം ഉടലെടുക്കുന്നു.) പറയുന്നു.തന്റെ നന്മക്കായി സ്വയം കഷ്ടപ്പാടിൽ അടപ്പെടുന്നതുപോലെ തന്റെ സഹോദരന്റെ നന്മക്കായും കഷ്ടപ്പാടുകൾ സഹിക്കണമെന്ന ചിന്ത ഉണ്ടായിരിക്കണം. അങ്ങനെയാകുമ്പോൾ തന്റെ സഹോദരന്റെ അവകാശങ്ങൾ പിടിച്ചെടുക്കുന്നതിലേക്ക് ഒരിക്കലും ശ്രദ്ധ പോകുകയില്ല. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്നതിനെക്കുറിച്ച് യഥാർഥ അറിവുണ്ടെങ്കിൽ, തന്റെ സഹോദരന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സ്വയം അസ്വസ്ഥനാകുന്നതുപോലെ അസ്വസ്ഥത പ്രകടമാക്കേണ്ടതാണ്. തനിക്കും തന്റെ സഹോദരനും ഇടയിൽ ഒരുവിധ വ്യത്യാസവും അവൻ കൽപിക്കുന്നില്ല. പൂർണ്ണ ഹൃദയത്തോടെ അവന്റെ ഗുണകാംക്ഷിയായിത്തീരുന്നതാണ്. ഇവിടെ അല്ലാഹു താക്കീത് നൽകിക്കൊണ്ട് കൽപിക്കുകയാണ്, എന്റെ ദാസരെ! സഹോദരന്മാർക്കും സ്നേഹിതന്മാർക്കും ബാഹ്യമായ സമ്മാനങ്ങൾ നൽകുന്നതുപോലെ ദുആയുടെ സമ്മാനങ്ങളും നൽകുക. (إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്നതിൽ ഞങ്ങൾ എന്ന പ്രയോഗം തന്റെ സഹോദരന്മാർക്കുള്ള സമ്മാനമാണ്.)

അവരെയും ദുആയിൽ ഉൾപ്പെടുത്താനായി നിങ്ങളെ ദുആയെ വിശാലമാക്കുക. നിങ്ങളുടെ നിയ്യത്തിൽ വിശാലത കൈവരിക്കുക. നിങ്ങളുടെ സദുദ്ദേശങ്ങളിൽ നിങ്ങളുടെ സഹോദരന്മാർക്കും ഇടം നൽകുക. പരസ്പരം സ്നേഹിക്കുന്ന കാര്യത്തിൽ, സഹോദരന്മാരെപ്പോലെയും പിതാക്കന്മാരെപ്പോലെയും മക്കളെപ്പോലെയും ആയിത്തീരുക.

വീണ്ടും പറയുന്നു. ഈ ദുആയിൽ തദ്ബീറും ദുആയും ഒരുമിച്ച് കൂട്ടിയിരിക്കുന്നു. കാരണം ഒരു വിശ്വാസി തദ്ബീറും ദുആയും പ്രവർത്തനപഥത്തിൽ കൊണ്ടുവരുന്നു. ദുആയില്ലാതെ തദ്ബീറും ഫലം ചെയ്യില്ല. തദ്ബീർ ഇല്ലാതെ ദുആയും ഫലം ചെയ്യില്ല. പറയുന്നു. തദ്ബീറും (ഉപായവും) ദുആയും രണ്ടും ഒരുമിച്ചുകൂട്ടുക എന്നതാണ് ഇസ്‌ലാം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് തിന്മയിൽ

നിന്നും ആലസ്യത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി ഉപായങ്ങൾ അതർഹിക്കും വിധം സ്വീകരിക്കണമെന്ന്. ദുആ അതർഹിക്കുന്ന രീതിതിൽ ചെയ്യേണ്ടതാണ്. ഈ രണ്ടു കാര്യങ്ങളെ മുന്നിൽവെച്ചു കൊണ്ടാണ് വിശുദ്ധ ഖുർആനിലെ പ്രഥമ സൂക്തത്തിൽ തന്നെ പറഞ്ഞിരിക്കുന്നത്. اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ

اِيَّاكَ نَعْبُدُ എന്നതിൽ ഈ ഉപായത്തെയാണ് എടുത്ത് പറയുന്നതും ആദ്യം അതിനെ വെച്ചതും. ആദ്യം മനുഷ്യൻ അവന്റെ കഴിവനുസരിച്ച് ബാഹ്യമായ കാര്യങ്ങളും ഉപായങ്ങളും സ്വീകരിക്കുക. അതോടൊപ്പം ദുആയെ ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ല. ഉപായങ്ങൾ സ്വീകരിക്കുന്നതോടൊപ്പം അവയെയും പരിഗണിക്കുക. ഒരു മുഅ്മിൻ اِيَّاكَ نَعْبُدُ എന്ന് പറയുമ്പോൾ, ഞങ്ങൾ നിന്നെ തന്നെ ആരാധിക്കുന്നു എന്ന് പറയുമ്പോൾ ഉടനെ അവന്റെ മനസ്സിൽ വരുന്നത് ഞാൻ ആരാണ്, എനിക്ക് അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾ ഇല്ലാതെ അവനെ ആരാധിക്കാൻ എങ്ങനെ കഴിയും എന്നാണ്. അതുകൊണ്ടാണ് ഉടനെ അവൻ اِيَّاكَ نَسْتَعِيْنُ എന്ന് പറയുന്നത്. സഹായവും നിന്നോട് തന്നെ ഞങ്ങൾ ആവശ്യപ്പെടുന്നു. ഇത് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. ഇത് ഇസ്ലാമല്ലാത്ത മറ്റു മതങ്ങളൊന്നും തന്നെ മനസ്സിലാക്കിയിട്ടില്ല.

ഒരു വിശ്വാസി ഉപായവും അതോടൊപ്പം ദുആയും ചെയ്യുന്നു. ഉപായങ്ങളെല്ലാം സ്വീകരിക്കുന്നു. അതിനുശേഷം അല്ലാഹുവിൽ കാര്യങ്ങൾ വിട്ടുകൊണ്ട് ദുആ ചെയ്യുന്നു. ഈ ഒരു അധ്യാപനമാണ് വിശുദ്ധഖുർആനിലെ പ്രഥമ സൂറത്തിൽ തന്നെ നൽകിയിരിക്കുന്നത്. പറയുന്നു. اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ആരാണോ തനിക്ക് നൽകിയിരിക്കുന്ന കഴിവുകളെ ഉപയോഗപ്പെടുത്താത്തത് അവൻ തന്റെ കഴിവുകളെ നഷ്ടപ്പെടുത്തുക മാത്രമല്ല ചെയ്യുന്നത് മറിച്ച് പാപം കൂടി ചെയ്യുന്നു. (പൂർണ്ണമായും ഉപായങ്ങൾ ചെയ്യുന്നില്ലെങ്കിൽ, ദുആ ചെയ്യുന്നുണ്ടല്ലോ എല്ലാം ശരിയാകും എന്ന് കരുതുകയാണെങ്കിൽ അതും പാപമാണ്.)

പറയുന്നു. മനുഷ്യനിൽ നന്മ ചെയ്യാനുള്ള കഴിവുണ്ട്. ഇതിനായി അല്ലാഹുവിന്റെ സഹായം വളരെയധികം ആവശ്യമാണ്. അതുകൊണ്ടാണ് സൂറാ ഫാത്തിഹ അഞ്ച് നമസ്ക്കാരങ്ങളിലും ചൊല്ലാൻ പറഞ്ഞിരിക്കുന്നത്. അതിൽ اِيَّاكَ نَعْبُدُ എന്ന് പറയുന്നു.അതിനുശേഷം وَ اِيَّاكَ نَسْتَعِيْنُ. നിന്നെ തന്നെ ആരാധിക്കുന്നു. സഹായവും നിന്നോട് തന്നെ തേടുന്നു. ഇതിൽ രണ്ട് കാര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. എല്ലാ നല്ല കാര്യങ്ങളിലും തന്റെ കഴിവുകളും ഉപായങ്ങളും കഠിനപ്രയത്നവും മുഖേന പരിശ്രമിക്കേണ്ടതാണ് ഇതാണ് نَعْبُدُ، എന്നത് സൂചിപ്പിക്കുന്നത്. വെറും ദുആ ചെയ്യുകയും പരിശ്രമിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തിക്ക് ലക്ഷ്യം നേടാൻ കഴിയില്ല. കർഷകൻ വിത്ത് വിതച്ച് അതിനെ പരിപാലിക്കുന്നില്ലെങ്കിൽ വിളവ് ഉണ്ടാകുമെന്ന് എങ്ങനെ പ്രതീക്ഷിക്കാൻ സാധിക്കും. വിത്ത് വിതച്ച് ദുആ മാത്രം ചെയ്യുകയാണെങ്കിൽ ഒരിക്കലും അവർക്ക് വിളവ് ലഭിക്കില്ല എന്നത് അല്ലാഹുവിന്റെ നിയതിനിയമമാണ്.

കർഷകർ വിത്ത് വിതച്ചതിനുശേഷം വളം ഇടണം. വെള്ളം നൽകണം. അതിലെ കളകൾ പറിച്ചുമാറ്റണം. മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും അതിനെ സംരക്ഷിക്കണം. ഈ പ്രകൃതി നിയമം എല്ലായിടത്തും ബാധകമാണ്. ഇവിടെയും അതാണ്. ഇസ്ലാം ഏതൊരു സൗകര്യത്തോടെ ഈ പ്രശ്നം പരിഹരിച്ചിട്ടുണ്ടോ അങ്ങനെ മറ്റൊരു മതവും തന്നെ പരിഹരിച്ചിട്ടില്ലെന്ന് അവിടന്ന് പറയുന്നു.

ഈ ദുആ സ്ഥിരമായി ചെയ്യണം എന്നതിനെക്കുറിച്ച് പറയുന്നു. കാരണം എപ്പോഴാണ് ദുആ സ്വീകരിക്കപ്പെടുക എന്നറിയില്ല. ദുആ സ്വീകാര്യതക്കും ഒരു സമയമുണ്ട്. അല്ലാഹുവിന്ന് എപ്പോഴാണ് നമ്മുടെ ദുആ ഇഷ്ടപ്പെടുക എന്നറിയില്ല.

اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ എന്ന ദുആ ആരാണോ ചെയ്തുകൊണ്ടിരിക്കുന്നത്, അല്ലാഹു തന്റെ ഏതെങ്കിലും വിനയഭാവം ഇഷ്ടപ്പെട്ടാലോ എന്ന് കരുതിക്കൊണ്ട്, അങ്ങിനെയുള്ളവരുടെ സഹായി അല്ലാഹു സ്വയം ആയിത്തീരുന്നു.അതുകൊണ്ട് വിനയത്തോടും താഴ്മയോടും കൂടി ദുആ ചെയ്തുകൊണ്ടേ പോകുക. അവനോട് സഹായം ചോദിച്ചുകൊണ്ടേ പോകുക. മറ്റൊരു സ്ഥലത്ത് പറയുന്നു.

സഹായാർഥനയെക്കുറിച്ച് ഓർത്തിരിക്കേണ്ട ഒരു കാര്യം സഹായർഥന നടത്താൻ അർഹതപ്പെട്ടത് അല്ലാഹുവിന്റെ അസ്തിത്വം മാത്രമാണ്. വിശുദ്ധഖുർആൻ ഈ കാര്യത്തിലാണ് ഊന്നൽ നൽകിയിരിക്കുന്നത്. പറയുന്നു. اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ഈ കാര്യം മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. സ്ഥിരചിത്തതയോടുകൂടി, കൂടെ കൂടെ അല്ലാഹുവിന്റെ സഹായം അവന്റെ മുമ്പിൽ നിന്നുകൊണ്ട് ചോദിച്ചുകൊണ്ടേ ഇരിക്കുക.

ഒരു സഹാബിയുടെ സംഭവം വിവരിക്കുന്നു. പേര് എന്റെ ഓർമ്മയിൽ വരുന്നില്ല. എഴുതുന്നു. ഒരു സഹാബി മസ്ജിദിൽ നഫൽ നമസ്ക്കരിക്കുന്നതായി ഞാൻ കണ്ടു. പത്തിരുപതഞ്ചു മിനുട്ടായി കൈയ്യും കെട്ടി മസ്ജിദ് അഖ്സയിൽ നമസ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം ഉരുവിടുന്ന ദുആയുടെ നേരിയ ശബ്ദം വരുന്നുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്ത് ചെന്ന് ശ്രദ്ധിച്ചു. ഞാൻ 15 മിനിറ്റ് അദ്ദേഹത്തിന്റെ അടുത്ത് ഇരുന്നിട്ടുണ്ടാകും പതുങ്ങിയ സ്വരത്തിൽ അദ്ദേഹം اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ എന്നത് മാത്രമാണ് ചൊല്ലിക്കൊണ്ടിരിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ സഹവർത്തിത്വം ലഭിച്ചവർ കരസ്ഥമാക്കിയ ഇർഫാനായിരുന്നു ഇത്. ഈ ഒരറിവാണ്, ജ്ഞാനമാണ് ഓരോ വിശ്വാസിയും കരസ്ഥമാക്കാൻശ്രമിക്കേണ്ടത്. ഇതു മുഖേന മാത്രമേ ഉബൂദിയ്യത്തിന്റെ കടമ നിറവേറ്റാൻ സാധിക്കുകയുള്ളൂ. ഉബൂദിയ്യത്തിന്റെ കടമ എങ്ങനെ നിറവേറ്റാൻ സാധിക്കും എന്നതിനെ വിവരിച്ചുകൊണ്ട് പറയുന്നു.

അല്ലാഹുവിന്റെ വചനമായ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ എന്നത് സൂചിപ്പിക്കുന്നത് എല്ലാവിധ സൗഭാഗ്യവും തന്നെ റബ്ബുൽ ആലമീനായ അല്ലാഹുവിന്റെ സിഫത്തുകൾ പിൻപറ്റുന്നതിലാണ് അടങ്ങിയിരിക്കുന്നത് എന്നു മനസ്സിലാക്കേണ്ടതാണ്. ഒരാൾ സ്ഥിരമായി ഈ ദുആ ചെയ്യുമ്പോൾ അല്ലാഹുവിന്റെ സിഫത്തുകളെ അവൻ മനസ്സിലാക്കികൊണ്ട് അതുപോലെ തന്നെ ചിട്ടപ്പെടുത്താൻ അവൻ ശ്രമിക്കുന്നു. അതല്ലെങ്കിൽ തത്തയെപ്പോലെ ഇത് ഉരുവിടുകമാത്രമായിരിക്കും ഫലം.

തിരുനബി ﷺ യുടെ സഹാബാക്കൾ ഇതിന്റെ ജ്ഞാനം കരസ്ഥമാക്കിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ സാമീപ്യം കരസ്ഥമാക്കിയവരും ഇതിന്റെ ജ്ഞാനം ഉൾക്കൊണ്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇത് മനസ്സിലാക്കിയവർ ഇപ്പോഴും ജമാഅത്തിലുണ്ട്. അതനുസരിച്ച് ദുആ ചെയ്യുകയും ചെയ്യുന്നവരുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام പറയുന്നു.ഈ പദവികൾ കരസ്ഥമാക്കുന്നതിൽ ഒരു തടസ്സമായി വരുന്നത് പ്രകടനാത്മകതയാണ്. അത് നന്മകളെ തിന്നുന്നു. മറ്റൊന്ന് അഹങ്കാരമാണ്. അത് ഏറ്റവും മോശ

പ്പെട്ട തിന്മയാണ്. മറ്റൊന്ന് വഴികേടാണ്. അത് സന്മാർഗത്തിൽ നിന്ന് മനുഷ്യനെ ബഹുദൂരം അകറ്റിക്കളയുന്നു. അതുകൊണ്ടാണ് അല്ലാഹു തന്റെ ബലഹീനരായ ദാസരിൽ കരുണ ചൊരിഞ്ഞുകൊണ്ട് തിന്മയിലേക്ക് ചാഞ്ഞുപോകാൻ സാധ്യതയുള്ളവരും, തന്റെ മാർഗത്തിൽ ചരിക്കാൻ ആഗ്രഹിക്കുന്നവരോടും ദയ കാണിച്ചുകൊണ്ട് ഈ വിനാശകാരികളായ രോഗങ്ങൾക്കുള്ള പ്രതിവിധി നിശ്ചയിച്ചിരിക്കുന്നത്. അതുകൊണ്ടാണ് അവർ പറഞ്ഞത് ജനങ്ങൾ إِيَّاكَ نَعْبُدُ എന്ന് പറയട്ടെ. അങ്ങനെ കപടനാട്യത്തിൽ നിന്നും പ്രകടനാത്മകതയിൽ നിന്നും അവർക്ക് മോചനം ലഭിക്കുന്നതാണ്. إِيَّاكَ نَسْتَعِينُ എന്ന് പറയാനും കൽപിച്ചിരിക്കുകയാണ്. അങ്ങനെ അവർ അഹങ്കാരത്തിൽ നിന്നും പൊങ്ങച്ചത്തിൽ നിന്നും രക്ഷപ്പെടുകയും ചെയ്യുന്നതാണ്. ഇതിനു ശേഷം اِهْدِنَا എന്ന് പറയാൻ കൽപിച്ചിരിക്കുന്നു. ഇതുമുഖേന വഴികേടിൽ നിന്നും ദേഹേച്ഛകളിൽ നിന്നും അവർക്ക് മോചനം ലഭിക്കുന്നതാണ്. അതുകൊണ്ട് إِيَّاكَ نَعْبُدُ എന്ന വാക്ക് ആത്മാർത്ഥതയും സമ്പൂർണ്ണ ദാസത്വം സ്വീകരിക്കുന്നതിലേക്കുമുള്ള പ്രേരണയാണ്. അവന്റെ വചനമായ إِيَّاكَ نَسْتَعِينُ എന്നത് ശക്തിക്കും, സ്ഥിരചിത്തതക്കും, അടിയുറച്ചു നിൽക്കുന്നതിനുമുള്ള അർത്ഥനയിലേക്കുമാണ് സൂചന നൽകുന്നത്. اِهْدِنَا الصِّرَاطَ എന്ന അവന്റെ വചനം സൂചിപ്പിക്കുന്നത് അല്ലാഹുവിൽ നിന്ന് അറിവും ഹിദായത്തും തേടണം എന്നതുമാണ്. അതവൻ തന്റെ കാരുണ്യം പ്രകടമാക്കിക്കൊണ്ട് മനുഷ്യനെ ആദരിക്കുക എന്ന നിലയിൽ അവന് നൽകുന്നതാണ്.

ചുരുക്കത്തിൽ ഈ ആയത്തുകളിൽ നിന്നും മനസ്സിലാകുന്നത് ഇതാണ്. അല്ലാഹുവിലേക്കുള്ള പ്രയാണം പൂർണ്ണമാകുന്നതും അത് മോക്ഷത്തിനുള്ള വഴിയായിത്തീരുന്നതും ആത്മാർത്ഥതയും പൂർണ്ണ പരിശ്രമവും ഹിദായത്ത് കരസ്ഥമാക്കാനുള്ള പൂർണ്ണ അറിവും കരസ്ഥമാക്കുന്നതിലൂടെയുമാണ്. ഈ ഗുണങ്ങൾ ഏതൊരു സേവകനിലാണോ ഉണ്ടായിത്തീരാത്തത് അവൻ സേവനത്തിന് അർഹനല്ല. യഥാർഥ അബ്ദായിത്തീരാൻ ഒരു മുഅ്മിൻ കരസ്ഥമാക്കേണ്ട സ്ഥാനമാണിത്.

സ്വീകാര്യയോഗ്യമായ ദുആയെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام പറയുന്നു. അല്ലാഹു തന്റെ കാരുണ്യത്താലും കൃപാകടാക്ഷത്താലും സ്വീകരിക്കുന്ന ആരാധനയുടെ യാഥാർഥ്യം ചില കാര്യങ്ങളിൽ അടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ മഹത്വവും അവന്റെ അത്യുന്നതമായ സ്ഥാനവും കണ്ടുകൊണ്ട് പൂർണ്ണമായ വിനയത്വം സ്വീകരിക്കുക. അവന്റെ കാരുണ്യവും വിവിധങ്ങളായ ഔദാര്യങ്ങളും കണ്ട്കൊണ്ട് അവനെ സ്തുതിക്കുക. അവന്റെ അസ്തിത്വത്തെ സ്നേഹിച്ചുകൊണ്ട് അവന്റെ സൗന്ദര്യവും പ്രകാശവുമാകുന്ന ഗുണങ്ങളെ ചിന്താമണ്ഢലത്തിൽ കൊണ്ട്വന്ന് അവന് മറ്റെല്ലാ വസ്തുക്കളിലും മുൻഗണന നൽകുക. അവന്റെ സ്വർഗത്തെ മുമ്പിൽ കണ്ടുകൊണ്ട് തന്റെ ഹൃദയത്തെ ശൈത്താന്റെ കുതന്ത്രങ്ങളിൽ നിന്നും പൂർണ്ണമായും പരിശുദ്ധമാക്കുക. ഇങ്ങനെയുള്ള ഇബാദത്ത് ഉണ്ടെങ്കിൽ അവിടെയാണ് إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന യഥാർഥ കാഴ്ചപ്പാട് ഉയർന്നുവരിക. അങ്ങനെ റഹ്മാന്റെ ദാസരിൽ മനുഷ്യൻ ഉൾപ്പെടുന്നതാണ്.

ഇബാദത്തിന്റെ പൊരുൾ വിവരിച്ചുകൊണ്ട് പറയുന്നു.ആദരണീയനായ അല്ലാഹു ഫാത്തിഹ എന്ന പ്രഥമ അധ്യായത്തിൽ നമുക്ക് നൽകുന്ന പാഠം إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്നാണ്. ഇവിടെ ഇബാദത്ത് എന്നതുകൊണ്ട് അർഥമാക്കുന്നത് ആരാധന, ദൈവജ്ഞാനം എന്നിവ രണ്ടുമാണ്. ബാഹ്യമായ അറിവും അതോടൊപ്പം അതിനെക്കുറിച്ചുള്ള ജ്ഞാനം കരസ്ഥമാക്കലുമാണ്. രണ്ടിലും ദാസന്റെ വിനയത്വമാണ് പ്രകടമാക്കിയിരിക്കുന്നത്.

അപ്പോൾ നാം إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന് പറയുമ്പോൾ ബാഹ്യമായ പ്രവർത്തിയും ചെയ്യണം. അതോടൊപ്പം അതിന്റെ ജ്ഞാനവും നമുക്ക് കരസ്ഥമാകണം. നാം ഈ ദുആ എന്തിനാണ് ചൊല്ലുന്നത് എന്ന് നാം അറിയണം. ഈ ജ്ഞാനം കരസ്ഥമാകുന്നത് യഥാർഥ വിനയം ഉണ്ടാകുമ്പോഴാണ്.

പറയുന്നു. മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നു എന്ന് വാദിക്കുന്നു. എന്നാൽ കുറേ സുജൂദുകൾ കൊണ്ടും റുകൂഉകൾ കൊണ്ടും നിൽക്കുന്നതുകൊണ്ടും ആരാധന ആയിത്തീരുമോ. അതല്ലെങ്കിൽ തസ്ബീഹ് മാല പലപ്രാവശ്യം എണ്ണുന്നവർ ദൈവരാധകരാണെന്ന് പറയപ്പെടാവുന്നതാണോ. ആരാധന ആകുന്നത് അല്ലാഹുവിന്റെ സ്നേഹം കാരണമായി തന്റെ അസ്ഥിത്വത്തെ പൂർണ്ണമായി ഇടയിൽ നിന്ന് അപ്രത്യക്ഷമാക്കുന്നതിലൂടെയാണ്. ആദ്യം അല്ലാഹുവിന്റെ അസ്തിത്വത്തിൽ പൂർണ്ണ വിശ്വാസം ഉണ്ടായിരിക്കണം. തുടർന്ന് അല്ലാഹുവിന്റെ സൗന്ദര്യത്തെയും ഔദാര്യത്തെയും കുറിച്ചുള്ള യഥാർഥ അറിവും ഉണ്ടായിരിക്കണം (അനുഗ്രഹങ്ങൾ ലഭിക്കുന്നുണ്ടെന്ന് അറിയാമെങ്കിലും ഇതെല്ലാം തന്നെ അല്ലാഹുവിൽ നിന്നാണ് ലഭിക്കുന്നത് എന്ന ബോധം ഉണ്ടായിരിക്കണം. അവന്റെ സൗന്ദര്യത്തിലും ഔദാര്യത്തിലും പൂർണ്ണ അറിവുണ്ടായിരിക്കണം. ഇതുകൂടാതെ അവനോടുള്ള സ്നേഹംകൊണ്ടുള്ള ഉള്ളുരുക്കം എപ്പോഴും ഹൃദയത്തിൽ ഉണ്ടാകുന്ന തരത്തിലുള്ള സ്നേഹം അവനോടുണ്ടായിരിക്കണം. ഈ അവസ്ഥ എപ്പോഴും മുഖത്ത് പ്രകടമായിക്കൊണ്ടിരിക്കുകയും വേണം. അല്ലാഹുവിന്റെ മഹത്വം ഹൃദയത്തിൽ പൂർണ്ണമായും ഉണ്ടായിരിക്കുകയും ലോകം ഒന്നടങ്കം അവന്നെതിരിൽ മൃതതുല്ല്യമായി ഗണിക്കുകയും വേണം. എല്ലാ ഭയവും അവനോട് മാത്രമായി ബന്ധപ്പെട്ടു നിൽക്കട്ടെ. അവനുമായിതന്നെ വേദനയും ആനന്ദം കണ്ടെത്തുകയും അവനുമായുള്ള ഏകാന്തതയിൽ സംതൃപ്തി കൈവരിക്കുകയും അവനില്ലാതെ ഹൃദയത്തിന് സ്വസ്ഥത കൈവരിക്കാൻ കഴിയാതെ വരികയും ചെയ്യട്ടെ. ഇങ്ങനെയുള്ള അവസ്ഥ കൈവരിച്ചു കഴിഞ്ഞാൽ ഇതിനാണ് ആരാധന എന്ന് പറയുന്നത്. എന്നാൽ ഈ ഒരവസ്ഥ അല്ലാഹുവിന്റെ സഹായമില്ലാതെ എങ്ങനെ കരസ്ഥമാക്കാനാണ്. അതുകൊണ്ടാണ് അല്ലാഹു നമുക്ക് ദുആ പഠിപ്പിച്ചുതന്നിരിക്കുന്നത് إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്നത്. ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു. എന്നാൽ ആരാധനയുടെ കടമകൾ ഞങ്ങൾക്ക് സ്വയം നിറവേറ്റാൻ കഴിയുന്നത് എങ്ങനെ. നിന്നിൽ നിന്നും പ്രത്യേകമായ സഹായമില്ലാതെ.

അല്ലാഹുവിനെ തന്റെ യഥാർഥ പ്രേമിയായിക്കരുതി അവനെ ആരാധിക്കുക. ഇതുതന്നെയാണ് വലായത്ത്. ഇതിനേക്കാളും ഉന്നത പദവി വേറെയില്ല. എന്നാൽ ഈ പദവി അവന്റെ സഹായമില്ലാതെ ലഭിക്കുന്നതല്ല. അതിൽ ലഭിച്ചു എന്നതിന്റെ ലക്ഷണം അല്ലാഹുവിന്റെ മഹത്വം ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെടുക എന്നതാണ്. അല്ലാഹുവിന്റെ സ്നേഹം ഹൃദയത്തിൽ രൂഢമൂലമാകുക എന്നതുമാണ്. ഹൃദയം അവനിൽ പൂർണ്ണമായും തവക്കുൽ ചെയ്യുകയും അവനെ ഇഷ്ടപ്പെടുകയും മറ്റെല്ലാ വസ്തുവിനേക്കാളും അവനെ സ്വീകരിക്കുക എന്നതും തന്റെ ജീവിതലക്ഷ്യം തന്നെ അവനെ ഓർക്കുക എന്നതാണെന്ന് മനസ്സിലാക്കുകയും ചെയ്യുക എന്നതുമാണ്.

ഇബാദത്തിന്റെ തത്വത്തിന്റെ ചുരുക്കം വിവരിച്ചുകൊണ്ട് പറയുന്നു. ഇബാദത്തിന്റെ തത്വത്തിന്റെ ചുരുക്കം ഇതാണ്. അല്ലാഹുവിനെ കാണുന്നുണ്ട് എന്ന അവസ്ഥയിൽ തന്നെ അവന്റെ മുമ്പിൽ നിർത്തുക. അതല്ലെങ്കിൽ അല്ലാഹു അവനെ കാണുന്നുണ്ട് എന്ന അവസ്ഥയിലെങ്കിലും. നാനാതരം മാലിന്യങ്ങളിൽ നിന്നും ശിർക്കിൽ നിന്നും പരിശുദ്ധി കൈവരിക്കുക. അവന്റെ മഹത്വവും അവന്റെ തന്റെ റബൂബിയ്യത്തും മാത്രം ശ്രദ്ധിക്കുക. സ്ഥിരമായി ചെയ്യുന്ന ദുആകളും മറ്റു ദുആകളും അല്ലാഹുവിന്റെ മുമ്പിൽ കൂടുതലായി അർപ്പിക്കുക. കൂടുതലായി തൗബയും ഇസ്തിഗ്ഫാറും ചെയ്യുക. തന്റെ ബലഹീനത വീണ്ടും പറഞ്ഞ് അവന്റെ മുമ്പിൽ പ്രകടമാക്കുക. അങ്ങനെ ആത്മസംസ്ക്കരണം സാധ്യമാകുന്നതാണ്. അല്ലാഹുവുമായി സുദൃഢബന്ധം സ്ഥാപിതമാകുന്നതാണ്. അവന്റെ സ്നേഹത്തിൽ വിലയം പ്രാപിക്കുക. ഇതാണ് നമസ്ക്കാരത്തിന്റെ രത്നച്ചുരുക്കം. ഇതെല്ലാം തന്നെ സൂറാ ഫാത്തിഹായിൽ തന്നെ ഉൾകൊള്ളുന്നുണ്ട്. നോക്കൂ. اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ എന്നതിൽ തന്റെ ബലഹീനതകളാണ് പ്രകടമാക്കിയിരിക്കുന്നത്. സഹായത്തിനായി അല്ലാഹുവിനോട് അർത്ഥന ചെയ്തിരിക്കുകയാണ്. അല്ലാഹുവിനോട് തന്നെ സഹായാഭ്യർത്ഥന നടത്തിയിരിക്കുകയാണ്. ഇതിനുശേഷം നബിമാരുടെയും റസൂൽമാരുടെയും പാതയിൽ നടത്തേണമെ എന്ന് ദുആ തേടിയിരിക്കുകയാണ്. നബിമാരും റസൂൽമാരും മുഖേന ഈ ലോകത്ത് പ്രകടമായിരിക്കുന്ന അനുഗ്രഹങ്ങൾ കരസ്ഥമാക്കണമെന്ന് അപേക്ഷിച്ചിരിക്കുകയാണ്. അത് അവരെ പിൻപറ്റിയാലും അവരുടെ മാർഗം അവലംബിച്ചാലും മാത്രമേ കരഗതമാകുകയുള്ളൂ. തുടർന്ന് അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്യുന്നു. നിന്റെ റസൂൽമാരെയും നബിമാരെയും നിഷേധിച്ചവരുടെ മാർഗത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ. അവർ അഹങ്കാരവും തെമ്മാടിത്തരവും കാണിക്കുകയുണ്ടായി. ഈ ലോകത്ത് വെച്ച് തന്നെ അവരിൽ അല്ലാഹുവിന്റെ കോപം ഇറങ്ങുകയുണ്ടായി. അതല്ലെങ്കിൽ ആരാണോ ഈ ദുനിയാവിനെ തങ്ങളുടെ ജിവിതലക്ഷ്യമെന്ന് കരുതി സൽമാർഗം ഉപേക്ഷിച്ചത് അവരിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ.

തിന്മയോടുള്ള വെറുപ്പ് വലിയൊരനുഗ്രഹമാണ്. ഇതെങ്ങനെ കരസ്ഥമാക്കാൻ സാധിക്കും. ഇതുസംബന്ധമായി പറയുന്നു. പാപത്തോട് വെറുപ്പുണ്ടാക്കുക എന്നതിനെക്കാളും വലിയ അനുഗ്രഹം മനുഷ്യന് ലഭിക്കാനില്ല. അല്ലാഹു തെറ്റുകളിൽ നിന്നും അവനെ സ്വയം രക്ഷിക്കുക എന്നതും. എന്നാൽ ഇത് വെറും ഉപായങ്ങൾ സ്വീകരിച്ചതുകൊണ്ട് മാത്രമോ ദുആ ചെയ്തതുകൊണ്ട് മാത്രമോ കരഗതമാകുന്നതല്ല. ഇതു രണ്ടും വേണം. അല്ലാഹു പഠിപ്പിക്കുന്നു. اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്ന കഴിവുകളെല്ലാം പ്രയോജനപ്പെടുത്തുക എന്നിട്ട് അതിന്റെ പരിണിതഫലം അല്ലാഹുവിനെ ഏൽപ്പിക്കുക. അവൻ അല്ലാഹുവിനോട് ഇപ്രകാരം അർഥന നടത്തുന്നു. അല്ലാഹുവേ നീ എനിക്ക് നൽകിയ കഴിവനുസരിച്ച് ഞാൻ പ്രയത്നിച്ചിട്ടുണ്ട്. اِيَّاكَ نَعۡبُدُ എന്നതിന്റെ അർഥമാണിത്.

اِيَّاكَ نَسۡتَعِيۡنُ എന്ന് പറഞ്ഞ് അല്ലാഹുവിനോട് സഹായം തേടുകയാണ്. ഇനിയുള്ള പദവികൾ കരസ്ഥമാക്കാൻ നിന്നോട് ഞാൻ സഹായർഥന നടത്തുന്നു. അല്ലാഹു നൽകിയിരിക്കുന്ന കഴിവുകളെ പ്രയോജനപ്പെടുത്താതെ ദുആ മുഖേന മാത്രം സഹായം തേടുന്നവൻ വിഡ്ഢിയാണ്. അങ്ങനെയുള്ളവന് വിജയം എങ്ങനെ ദർശിക്കാൻ സാധിക്കും.

പരിശ്രമത്തോടൊപ്പം ദുആ ചെയ്യുന്നവനാണ് മുത്തഖി. പരിശ്രമത്തോടൊപ്പം ദുആ ചെയ്തില്ലെങ്കിൽ പ്രയോജനമില്ല. മറ്റൊരു സ്ഥലത്ത് പറയുന്നത് പരിശ്രമത്തോടൊപ്പം ദുആ ചെയ്യുകയും അതിനുശേഷം വല്ല ഇടർച്ചയും നേരിടുകയാണെങ്കിൽ അല്ലാഹു അവനെ സംരക്ഷിക്കുന്നതാണ്. പരിശ്രമവും ദുആയും ഉണ്ടായിരിക്കെ വല്ല ബലീനത കാരണം ഇടർച്ച ഉണ്ടായാൽ, വല്ല തിന്മയും വന്നുപോയാൽ തന്നെ അല്ലാഹു അവനെ സ്വയം രക്ഷിക്കുന്നതാണ്. അതിനാൽ നമ്മുടെ ഭാഗത്ത് നിന്ന് പരിശ്രമവും പ്രാർത്ഥനയും പൂർണ്ണമായ നിലയിൽ ഉണ്ടായാൽ അല്ലാഹു തിന്മയോട് വെറുപ്പ് ഉണ്ടാക്കുകയും അതിന്റെ ദുഷ്ഫലങ്ങളിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നതാണ്.

അല്ലാഹുവിന്റെ അൽഖയ്യൂം, അൽഹയ്യ് എന്നീ സിഫത്തുകൾ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ എന്നതുമായി ബന്ധിപ്പിച്ചുകൊണ്ട് പറയുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ **അൽഹയ്യ്, അൽഖയ്യൂം** എന്നീ രണ്ട് നാമങ്ങൾ തന്റേതായി സമർപ്പിക്കുന്നു. **അൽഹയ്യ്** എന്നതിന്റെ അർഥം അല്ലാഹു ജീവിച്ചിരിക്കുന്നവനാണ് എന്നാണ്. മറ്റുള്ളവർക്ക് ജീവൻ നൽകുന്നവനും അവനാണ്. **അൽഖയ്യൂം** എന്നാൽ സ്വയം നിലനിൽക്കുന്നവനും മറ്റുള്ളവരുടെ നിലനിൽപ്പിനുള്ള ആധാരം എന്നുമാണ്. ഓരോ വസ്തുവിന്റെയും ബാഹ്യവും ആന്തരികവുമായ നിലനിൽപ്പും ജീവിതവും ഈ രണ്ട് ഗുണങ്ങളുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് അൽഹയ്യ് എന്നത് ആവശ്യപ്പെടുന്നത് അവന് ആരാധിക്കപ്പെടണമെന്നാണ്. ഇതിന്റെ പ്രതിച്ഛായയാണ് സൂറാ ഫാത്തിഹായിൽ اِيَّاكَ نَعۡبُدُ എന്ന് പറഞ്ഞിരിക്കുന്നത്.

അൽഖയ്യൂം എന്നത് ആവശ്യപ്പെടുന്നത് അവനോട് ആശ്രയം തേടണം എന്നതാണ്. ഇതിനെ اِيَّاكَ نَسۡتَعِيۡنُ എന്ന വചനത്തിലൂടെ പ്രകടമാക്കുകയും ചെയ്തിരിക്കുന്നു.

അതുകൊണ്ട് ഭൗതിക പുരോഗതിയാണെങ്കിലും ആത്മീയ പുരോഗതിയാണെങ്കിലും അല്ലാഹുവിന്റെ യഥാർഥ ദാസരായിക്കൊണ്ട് മാത്രമേ കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. ഇരുലോകാനുഗ്രഹങ്ങളുടെയും അവകാശിയായിത്തീരാൻ സാധിക്കുകയുള്ളൂ. മുമ്പും ഇത് വിവരിച്ചിട്ടുണ്ട്. റഹ്മാനിയത്തിന്റെ നന്ദിപ്രകടനം ഇബാദത്തിലേക്ക് നയിക്കുന്നു. റഹ്മാനിയ്യത്ത് സഹായർഥന ആവശ്യപ്പെടുന്നു. ഈ വിഷയത്തിൽ നിന്നും ഇതെല്ലാം ഭൗതിക കാര്യങ്ങളിലും ആത്മീയ കാര്യങ്ങളിലും വലയം ചെയ്തിരിക്കുന്നു എന്ന് വ്യക്തമാകുന്നു.

ഞാൻ തുടക്കത്തിൽ വിവരിച്ചതുപോലെ നമസ്ക്കാരം ആരാധനയുടെ രത്നചുരുക്കമാണ്. ഇതിന്റെ പ്രാധാന്യത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عَلَیْہِ السَّلَام പറയുന്നു. ഏറ്റവും ശ്രേഷ്ഠമായ ആരാധന എന്നത് മനുഷ്യൻ അഞ്ചുനേര നമസ്ക്കാരവും അതിന്റെ സമയത്തിന്റെ ആരംഭത്തിൽ തന്നെ അനുഷ്ഠിക്കുക എന്നതാണ്. ഫർള്, സുന്നത്ത് നമസ്ക്കാരങ്ങളിൽ സ്ഥിരതയുള്ളതായിരിക്കുകയും ഹൃദയസാന്നിധ്യവും ആവേശവും താൽപര്യവും ഉണ്ടാകുകയും ഇബാദത്തിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിൽ പൂർണ്ണ പ്രയത്നം ഉണ്ടായിത്തീരുകയും ചെയ്യേണ്ടതാണ്. കാരണം നമസ്ക്കാരം മനുഷ്യനെ അവന്റെ സ്യഷ്ടാവ് വരെ എത്തിക്കുന്ന ഒരു വാഹനമാണ്. കുതിരപ്പുറത്ത് ഇരുന്ന് മനുഷ്യന് എത്തിച്ചേരാൻ കഴിയാത്ത സ്ഥാനമാനങ്ങളിൽ നമസ്ക്കാരം മുഖേന മനുഷ്യന് ചെന്നെത്താൻ സാധിക്കുന്നതാണ്. നമസ്ക്കാരത്തിന്റെ ഫലങ്ങൾ അമ്പുകളെക്കൊണ്ട് കരസ്ഥമാക്കാൻ സാധ്യമല്ല. ഇതിന്റെ രഹസ്യം പേനകൾകൊണ്ട് പ്രകടിപ്പിക്കാനും കഴിയില്ല. ആരാണോ ഈ മാർഗത്തിൽ സ്ഥിരപ്രതിഷ്ഠ അർപ്പിച്ചിട്ടുള്ളത് അവൻ സത്യവും യാഥാർഥ്യവും കരസ്ഥമാക്കിയിരിക്കുന്നു.അവൻ അദൃശ്യമറക്കു പിന്നിലുള്ള അവന്റെ പ്രിയതമന്റെ

അടുത്ത് എത്തിയിരിക്കുന്നു. സന്ദേഹങ്ങളിൽ നിന്നും സംശയങ്ങളിൽ നിന്നും അവൻ മുക്തി കൈവരിക്കുകയും ചെയ്തിരിക്കുന്നു. അവന്റെ ദിനങ്ങൾ പ്രകാശപൂരിതമായതായും അവന്റെ സംസാരങ്ങൾ മുത്തിനോളം മികവുറ്റതാണെന്നും നീ കാണുന്നതാണ്. അവന്റെ മുഖം പതിനാലാം രാവിലെ ചന്ദ്രനെപ്പോലെ പ്രശോഭിതമാണ്. അവന്റെ സ്ഥാനം സിംഹാസനത്തിലാണ്. ആരാണോ നമസ്ക്കാരത്തിൽ അല്ലാഹുവിന് വേണ്ടി വിനയത്തോടെ കുമ്പിടുന്നത് അല്ലാഹു അവർക്കായി രാജാക്കന്മാരെ വണക്കുന്നു. ഭരണിയ്യനായ ഈ ദാസനെ രാജാവാക്കി മാറ്റുന്നു. ( ഇഅ്ജാസുൽ മസീഹ്.)

നമസ്ക്കാരം ഏറ്റവും ശ്രേഷ്ഠമായ ആരാധനയാണ്. ദാസനെ അല്ലാഹുവുമായി അടുപ്പിക്കുന്നതാണ്. എന്നാൽ ചിലരുടെ നമസ്ക്കാരം സ്വീകരിക്കപ്പെടുകയില്ല. ഇത് അല്ലാഹു തന്നെ പറയുന്നുണ്ട്. കാരണം അത് വേണ്ട രീതിയിൽ അനുഷ്ഠിക്കപ്പെടുന്നില്ല. ചിലർ പറയാറുള്ളത് നമസ്ക്കാരത്തിൽ ആനന്ദം ലഭിക്കുന്നില്ല എന്നാണ്. നമസ്ക്കാരത്തിൽ ഉണ്ടായിത്തീരേണ്ട അവസ്ഥ സംജാതമാകുന്നില്ല. ഇതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. നമസ്ക്കാരത്തിൽ ആനന്ദം ലഭിക്കുന്നില്ല എന്ന് ചിലർ പറയുന്നു. എനിക്ക് അവരോട് പറയാനുള്ളത് നിങ്ങൾ വീണ്ടും വീണ്ടും നമസ്ക്കരിക്കുക. കൂടുതലായി നമസ്ക്കരിക്കുക. തവ്വയുടെ പ്രാരംഭഘട്ടത്തിൽ സ്തംഭനാവസ്ഥ ഉണ്ടാകുന്നു. ആ സമയത്ത് اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ എന്ന് ആവർത്തിച്ചാവർത്തിച്ച് അല്ലാഹുവിന്റെ മുമ്പിൽ പറയുക. ശൈത്താനെ കശ്ഫിയായ അവസ്ഥയിൽ കള്ളനോ കൊള്ളക്കാരനായോ ആയി കാണിക്കപ്പെടുന്നു. അവനിൽ നിന്നുള്ള രക്ഷക്കായി അല്ലാഹുവിന്റെ ദർബാറിൽ അപേക്ഷിക്കുക. എന്റെ മാർഗത്തിൽ ഇതാ ഒരു കൊള്ളക്കാരൻ, നിന്റെ കോന്തല ഞാനിതാ പിടിക്കുന്നു. എന്നെ രക്ഷിക്കേണമേ. ആരാണോ ഈ സഹായാർഥനയിൽ മുഴുകുകയും ക്ഷീണിക്കാതിരിക്കുകയും ചെയ്യുന്നത് അവർക്ക് ഒരു ശക്തി കൈവരിക്കുന്നു. അതുമുഖേന ശൈത്വാൻ നശിപ്പിക്കപ്പെടുന്നതാണ്. എന്നാൽ ഈ ശക്തിയും സഹായാർത്ഥനയും സമർപ്പിക്കുന്നതിന് സത്യസന്ധതയും ഉള്ളുരുക്കവും ആവശ്യമാണ്. ഇത് നമ്മോടൊപ്പം കൂടിയ കള്ളനെക്കുറിച്ചുള്ള ചിന്തയുണ്ടാകുമ്പോഴാണ് നമ്മിൽ ഉണ്ടായിത്തീരുക. (ശൈത്താൻ കള്ളനെപ്പോലെ എന്റെ പിന്നാലെ കൂടിയിരിക്കുന്നു എന്ന് നാം വിചാരിക്കുമ്പോഴാണ് ഈ അവസ്ഥ ഉണ്ടായിത്തീരുക.) ശൈത്താൻ നമ്മെ നഗ്നനാക്കാനാണ് ആഗ്രഹിക്കുന്നത്. അങ്ങനെ ആദം പെട്ട പരീക്ഷണത്തിൽ അകപ്പെടുത്താനും. ഈ ഒരു ചിന്തയിൽ നാം മുഴുകുമ്പോൾ നാം പരിഭ്രമത്തോടെ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ എന്ന് വിളിച്ചു പറയും.

സഹാബാക്കൾ ഇതിനെ നമസ്ക്കാരത്തിൽ ഏതുരീതിയിലാണ് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത് എന്ന് ഞാൻ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ ആരാധന അതർഹിക്കും വിധം ചെയ്യാനും അവനോട് സഹായം തേടിക്കൊണ്ട് ശൈത്വാനിൽ നിന്ന് രക്ഷപ്പെടുകയും അല്ലാഹുവിന്റെ കൂടുതൽ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനും സാധിക്കുന്നതാണ്.

മറ്റൊരു സ്ഥലത്ത് പറയുന്നു. നമസ്ക്കാരത്തിൽ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ എന്നത് ആവർത്തിച്ചാവർത്തിച്ച് ചൊല്ലുക. اِيَّاكَ نَسۡتَعِيۡنُ എന്നത് അല്ലാഹുവിന്റെ ഫള്ലും നഷ്ടപ്പെട്ടുപോയ വസ്തുക്കളെയും തിരിച്ചുകൊണ്ടുവരുന്നതാണ്. (നേരത്തേയും ഞാൻ പറഞ്ഞതാണ്. തുടർച്ചയായി ഇത് ആവർത്തിച്ചുകൊണ്ടിരുന്നാൽ കളഞ്ഞുപോയ വസ്തുവിനെ തിരിച്ചുകൊണ്ടുവരുന്നതാണ്. اِيَّاكَ نَسۡتَعِيۡنُ എന്നത് ആ കളഞ്ഞു പോയ വസ്തുവിനെ തിരിച്ചുകൊണ്ട് വരുന്നതാണ്.)

അല്ലാഹു തആല നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വിവരിച്ച മാർഗങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്താൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ സഹായം എപ്പോഴും ലഭിക്കുന്ന ദാസരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ. അവരെ അല്ലാഹു തന്റെ സംരക്ഷണത്തിൽ നിർത്തുന്നു.

ഇനി റമദാനിൽ ബാക്കിയുള്ള ദിനങ്ങളെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നവരായി നാം മാറട്ടെ. ദുആയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

# PRINTED BOOKS

From
T. Jamshad
Ahmadiyya Mission House
K.N.Road Karapparamba Calicut -10

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 August 19 at : Baitul Futuh, London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P. Abdul Latheef Calicut
Published by: **Majlis Khuddamul Ahmadiyya, North Kerala**